KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No237/PR/PIC/PHQ/18 Date:24.09.2018

---

## പോലീസ് ഇൻഫർമേഷൻ സെന്ററിന് ഫെയ്സ് ബുക്ക് പേജ്

പത്രക്കുറിപ്പുകളും അറിയിപ്പുകളും സോഷ്യൽ മീഡിയയിൽ കൂടുതൽ ഫലപ്രദമായി എത്തിക്കുന്നതിന് സംസ്ഥാന പോലീസ് ഇൻഫർമേഷൻ സെന്ററിന് പുതിയ ഫെയ്സ് ബുക്ക് പേജ് ഒരുങ്ങി. പോലീസ് ആസ്ഥാനത്തു നടന്ന ലളിതമായ ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ്ബെഹ്റ ഫെയ്സ് ബുക്ക് പേജിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ജനങ്ങളുമായി നേരിട്ടു സംവദിക്കുന്നതിന് കൂടുതൽ ഫലപ്രദമായ മാധ്യമമെന്ന നിലയിൽ സോഷ്യൽ മീഡിയയെ പരമാവധി ഉപയോഗപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ഏഴു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരം പേർ ലൈക്ക് ചെയ്തിട്ടുള്ളതും കേരള പോലീസിന്റെ സോഷ്യൽ മീഡിയ പേജ് ഇന്ത്യയിലെ ഏറ്റവും കൂടുതൽ ആരാധകരുള്ള പോലീസ് പേജാണ്. സംസ്ഥാന പോലീസ് മേധാവിയുടെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജിന് രണ്ടു ലക്ഷത്തി മുപ്പതിനായിരം ലൈക്കുകളാണുള്ളത്. ഇതു കൂടാതെ ജില്ലകൾക്കും ട്രാഫിക് ഉൾപ്പെടെ സ്പെഷ്യൽ യൂണിറ്റുകൾക്കും ഫെയ്സ് ബുക്ക് പേജ് നിലവിലുണ്ട്. നവമാധ്യമ സാദ്ധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുക എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി ഇൻസ്റ്റഗ്രാം, ടിറ്റർ പേജുകളും കേരള പോലീസ് ആരംഭിച്ചിട്ടുണ്ട്.

ഉദ്ഘാടന ചടങ്ങിൽ പോലീസ് ആസ്ഥാനം ഭരണ വിഭാഗം ഐ.ജി. പി. വിജയൻ, ഭരണ വിഭാഗം ഡി.ഐ.ജി കെ. സേതുരാമൻ, പോലീസ് ഇൻഫർമേഷൻ സെന്റർ ജോയിന്റ് ഡയറക്ടർ പി.എസ്. രാജശേഖരൻ, പോലീസ് ആസ്ഥാനം എസ്.പി. കെ.എസ്. വിമൽ, പബ്ലിക് ഗ്രീവൻസസ് എ.ഐ.ജി ജെ. സുകുമാരപിള്ള, സ്പെഷ്യൽ സെൽ എസ്.പി. അജിത്. വി, മോട്ടോർ ട്രാൻസ്പോർട്ട് എസ്.പി. കെ. അജിത്, സ്പെഷ്യൽ ടീം ഡിവൈ.എസ്.പി രാജ് കുമാർ.ആർ, മറ്റു പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

പോലീസ് ഇൻഫർമേഷൻ സെന്ററിന്റെ ഒഫിഷ്യൽ ഫെയ്സ് ബുക്ക് പേജ്

*************

Kerala Police Information Centre

Home | Find Friends

Page | Inbox 1 | Manage jobs | Notifications 3 | Insights | Publishing Tools | More ▾ | Settings | Help ▾




Kerala Police Information Centre

Create Page @username

- Home
- Posts
- Reviews
- See more

Promote

Manage promotions

Liked ▾ | Following ▾ | Share | ···

+ Add a Button

Create Post | Live | Event | Offer | Job

Write a post...

Photo/Video | Feeling/Activ... | Write Note | •••

**Invite friends to like your Page**

Pages with 10 or more likes get more engagement.

**2/10** Likes

Gopu and Spc like your Page

Search for friends to invite

**Posts**

Kerala Police Information Centre

Notepad

Chat